**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2964** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് പദ്ധതിയുടെ ഡി.പി.ആർ കിഫ്ബിയുടെ മാനദണ്ഡപ്രകാരം തയ്യാറാക്കുന്നതിന് ആയകട്ട് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ തുടങ്ങിയവയുടെ അഭാവം പരിഹരിച്ച്, ഡി.പി.ആർ കെ.ഐ.ഐ.ഡി.സി തയ്യാറാക്കിയെങ്കിലും കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനായി വീണ്ടും സർക്കാരിൽ സമർപ്പിച്ചു. സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.16/2021/ ജവിവ തീയതി 06.01.2021 പ്രകാരം പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ഡ്രോയിംഗുകളും എസ്റ്റിമേറ്റും തയ്യാറാക്കുകയും, ഡി.പി.ആർ സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ-ന്റെ സൂക്ഷ്മ പരിശോധനയ്ക്കായി കിഫ്ബി സി.എം.ഡി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഡി.പി.ആർ-ന്റെ സൂക്ഷ്മ പരിശോധന സി.എം.ഡി മുഖേന നടന്നു വരുകയാണ്. ഡി.പി. ആർ-ന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി തീരുമാനിച്ച കെ.ഐ.ഐ.ഡി.സി. പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ